(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡിന് താൽക്കാലിക കണക്കുകൾ പ്രകാരം 64.78 കോടി രൂപ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്. നിലവിൽ 936.02 കോടി രൂപയുടെ ബാധ്യതയുണ്ട്.

(സി) കൺസ്യൂമർഫെഡ് ത്രിവേണി സൂപ്പർ മാർക്കറ്റുകൾ നടത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് 204 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൺസ്യൂമർ ഫെഡറേഷന്റെ സൂപ്പർ മാർക്കറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ത്രിവേണി സൂപ്പർ മാർക്കറ്റുകൾ |
|---|---|
| തിരുവനന്തപുരം | 17 |
| കൊല്ലം | 27 |
| പത്തനംതിട്ട | 13 |
| ഇടുക്കി | 10 |
| ആലപ്പുഴ | 19 |
| കോട്ടയം | 13 |
| എറണാകുളം | 18 |
| തൃശ്ശൂർ | 17 |
| പാലക്കാട് | 14 |
| മലപ്പുറം | 17 |
| കോഴിക്കോട് | 19 |
| വയനാട് | 3 |
| കണ്ണൂർ | 10 |
| കാസർഗോഡ് | 7 |
| ആകെ | 204 |

## പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകൾ

229 (T* 1993) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകളെ വികസിപ്പിക്കുന്നതിനും അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിലെ പൈതൃക പരിസ്ഥിതി വിനോദസഞ്ചാരമേഖലകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) കേരളത്തിലെ പ്രധാന ഗുഹാക്ഷേത്രങ്ങളും പ്രസ്തുത ക്ഷേത്രങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(ഡി) പൈതൃക പരിസ്ഥിതി വിനോദസഞ്ചാര മേഖലകളിൽ ആവശ്യത്തിന് യാത്രാ സൗകര്യവും വിനോദസഞ്ചാരികൾക്ക് താമസിക്കുന്നതിനുവേണ്ട സൗകര്യങ്ങളും നടപ്പിലാക്കുമോ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഇത്തരമൊരു പദ്ധതി ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ പൈതൃക പദ്ധതിയിൽ ഉൾപ്പെട്ട മുസിരിസ് പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി എന്നിവ നടപ്പാക്കി വരുന്നു

(ബി) മുസിരിസ് പൈതൃക പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായതിനെത്തുടർന്ന് അതിന്റെ ഉൽഘാടനം 27-2-2016 ന് ബഹു. ഇന്ത്യൻ പ്രസിഡന്റ് നിർവ്വഹിക്കുകയുണ്ടായി. രണ്ടാംഘട്ടം വികസന പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. തലശ്ശേരി പൈതൃക പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആലപ്പുഴ പൈതൃക പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടി ആരംഭിച്ചുകഴിഞ്ഞു.

(സി) ഗുഹാക്ഷേത്രങ്ങൾ ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലേക്കായി ബ്രോഷറുകൾ മറ്റ് പ്രചരണ ഉപാധികൾ എന്നിവ ഉൾപ്പെടുത്തി വിപണനം നടത്തി വരുന്നു.

(ഡി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ബി.ആർ.ഡി.സി.-ക്ക് ബജറ്റിൽ വകയിരുത്തിയ തുക**

230 (1994) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബി.ആർ.ഡി.സി.-ക്ക് ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly